# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2636 13.03.2020 -ൽ മറുപടിക്ക്**

**ആലുങ്ങൽ-വലിയപറമ്പ്-നീറാട് റോഡ്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | : | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ ആലുങ്ങൽ-വലിയപറമ്പ്-നീറാട് റോഡ് ബി.എം ആന്റ് ബി.സി ചെയ്യുന്നതിന് അനുവദിച്ച ഫണ്ട് എത്രയെന്ന് അറിയിക്കാമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നീണ്ടുപോകാനിടയായ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) വാട്ടർ അതോറിറ്റി റസ്റ്ററേഷൻ തുക അടച്ചിട്ടും റസ്റ്ററേഷൻ പ്രവൃത്തിയും ബി.എം ആന്റ് ബി.സി പ്രവൃത്തിയും പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തി പൂർത്തീകരണത്തിന് ഇനി എത്രനാൾ കൂടി വേണമെന്ന കാര്യം അറിയിക്കാമോ?

**മറുപടി**

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ ആലുങ്ങൽ വലിയപറമ്പ് - നീറാട് റോഡ് ബി.എം. & ബി.സി. ചെയ്യുന്നതിന് കി.മീ. 0/000 മുതൽ 0/350 വരെ 20 ലക്ഷം രൂപയും, കി.മീ. 0/350 മുതൽ 1/100 വരെ 42 ലക്ഷം രൂപയും, കി.മീ. 3/200 മുതൽ 4/400 വരെ 78 ലക്ഷം രൂപയും ചേർത്ത് ആകെ 140 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) (സി) & (ഡി) കി.മീ. 0/000 മുതൽ 3/225 വരെയുള്ള ഭാഗത്ത് പൈപ്പ് ഇടുന്നതിനായി കേരള വാട്ടർ അതോറിറ്റി 2017 - ൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി വാങ്ങിയെങ്കിലും 2019 ജൂൺ മാസത്തിലാണ് കട്ടിംഗ് പ്രവൃത്തികൾ നടന്നത്. എന്നാൽ ഈ സമയത്തും മുഴുവൻ ഭാഗവും കട്ട് ചെയ്തില്ല. 2019 ആഗസ്റ്റ് മാസത്തിൽ ആലക്കപ്പറമ്പ് അങ്ങാടിയിൽ പൈപ്പ് ഇടുവാൻ ബാക്കിയുണ്ട് എന്ന് പറയുകയും കട്ട് ചെയ്യുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റി നിശ്ചിതസമയത്ത് പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പൊതുമരാമത്ത് വകുപ്പിന് റെസ്റ്ററേഷൻ വർക്ക് സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. 3/100 മുതൽ 3/700 വരെയുള്ള ഭാഗത്ത് കേരള വാട്ടർ അതോറിറ്റി പൈപ്പ് ഇടുന്നതിന് അനുമതി നൽകിയ പ്രകാരം ആവശ്യമായ റസ്റ്റോറേഷൻ തുക വാട്ടർ അതോറിറ്റി 2020 ഫെബ്രുവരി മാസം അടച്ചതിനെ തുടർന്ന് 10,45,000/- രൂപയുടെ റസ്റ്റോറേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി എസ്റ്റിമേറ്റിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**